(സി) എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള സ്ത്രീകളെ അപമാനിക്കുക, തട്ടിക്കൊണ്ടുപോകുക, ബലാൽസംഗം നടത്തുക, ആഭരണങ്ങൾ തട്ടിപ്പറിക്കുക, മാല പൊട്ടിക്കുക എന്നീ അതിക്രമങ്ങൾ വ്യാപകമായി നടക്കുന്നത് തടയുന്നതിന് ഇതുവരെ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ ശ്രമിക്കുന്നവരെ പിന്നീട് അപായപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ്, പ്രധാനപ്പെട്ട കവലകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ് പട്രോൾ, പോലീസ് ബീറ്റ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടിയെ തട്ടിക്കൊണ്ട് പോയി ഭിക്ഷാടനം നടത്തിയത് സംബന്ധിച്ച് പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 24/03 യു/എസ്. 363(എ)34 ഐ. പി. സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പുകൾ, പ്രധാന കവലകൾ, ട്രെയിൻ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ് പട്രോൾ, പോലീസ് ബീറ്റ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അക്രമങ്ങൾ നടന്നതായി പരാതി ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് ക്യാമ്പുകളിലെ പീഡനം

34 (2138) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ക്യാമ്പുകളിൽ ഉള്ള പീഡനങ്ങൾ കാരണം നിരവധി പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് ക്യാമ്പുകളിൽ പോലീസുകാർ പീഡനങ്ങൾമൂലം ആത്മഹത്യ ചെയ്തിട്ടില്ല.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കോടതികൾ പുറപ്പെടുവിക്കുന്ന സമൻസുകൾ യഥാസമയം എത്തിക്കാൻ നടപടി

35 (2139) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികൾ പുറപ്പെടുവിക്കുന്ന സമൻസുകൾ യഥാസമയം സമൻസിൽ പേര് പറഞ്ഞിരിക്കുന്ന വ്യക്തിക്ക് എത്തിക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കോടതികൾ പുറപ്പെടുവിക്കുന്ന സമൻസുകളിൽ എഴുതിയിരിക്കുന്ന വാക്കുകൾ വായിച്ചെടുക്കുന്നതിന് സമൻസുകൾ കൈപ്പറ്റുന്ന സാധാരണ ആളുകൾക്ക് സാധിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇനി മുതൽ സമൻസ് തീയതിക്കും ഹാജരാക്കേണ്ട കോടതിയും കുറ്റകൃത്യം എന്താണെന്നും വ്യക്തമായി ആളുകൾക്ക് മനസ്സിലാകുന്ന വിധത്തിൽ സമൻസ് (നോട്ടീസ്) തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) പോലീസ് രജിസ്റ്ററിൽ ആൾ ഇല്ലായെന്ന് രേഖപ്പെടുത്തി സമൻസ് തിരിച്ചയയ്ക്കുന്നതുമൂലം സമൻസ് കൈപ്പറ്റാത്ത വ്യക്തിക്കെതിരെ കോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കോടതികൾ പുറപ്പെടുവിക്കുന്ന സമൻസുകൾ (നോട്ടീസ്) പോലീസുകാർ യഥാർത്ഥ പേരുകാരന് കൊടുക്കാതെയും സമൻസ് പുറപ്പെടുവിച്ച വിവരം അറിയിക്കാതെയും തിരിച്ചയയ്ക്കുന്നത് തടയാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) സമൻസുകൾ വ്യക്തികൾക്ക് എത്തിക്കുന്നതിൽ പോലീസുദ്യോഗസ്ഥർ വീഴ്ച വരുത്താറില്ല. വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ ചില ജില്ലകളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സമൻസ് തയ്യാറാക്കുന്നത് കോടതികളിലെ ഉദ്യോഗസ്ഥന്മാർ ആണ്. ഇക്കാര്യത്തിലെ വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly